പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 317 | 28/11/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യ സുരക്ഷ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ /ലൈസൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ സുരക്ഷ നിയമപ്രകാരമുള്ള രജിസ്ട്രേഷനും ലൈസൻസിനും ഓൺലൈനായി അപേക്ഷ നൽകുമ്പോൾ സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ എന്തൊക്കെയാണ് വിശദാംശം വെളിപ്പെടുത്തുമോ; | എ) | ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷന്/ലൈസൻസിന് അപേക്ഷിക്കുന്നവർ ഓൺലൈനായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.<br>I **രജിസ്ട്രേഷൻ**<br>1. അപേക്ഷകന്റെ ഫോട്ടോ;<br>2. ഫോട്ടോ പതിപ്പിച്ച മേൽവിലാസത്തോട് കൂടിയ തിരിച്ചറിയൽ കാർഡ്;<br>3. ഭക്ഷ്യസുരക്ഷാ ഗുണനിലവാര ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ അനക്സ് 1 ൽ പറയുന്ന ഡിക്ലറേഷൻ;<br>4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡി.& ഒ ട്രേഡ് ലൈസൻസ് ലഭ്യമാണെങ്കിൽ അത്(നിർബന്ധമല്ല);<br>5. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.<br>II **ലൈസൻസ്**<br>ഭക്ഷ്യസുരക്ഷാ ലൈസൻസിന് അപേക്ഷിക്കുന്നവർ ഓൺലൈനായി ഭക്ഷ്യ സുരക്ഷാ ഗുണനിലവാര ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ അനക്ഷർ 2 ൽ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡി.&ഒ ട്രേഡ് ലൈസൻസും |

| | | | |
|---|---|---|---|
| | | | അപേക്ഷകന്റെ ഫോട്ടോ പതിപ്പിച്ച മേൽവിലാസമുള്ള തിരിച്ചറിയൽ കാർഡും നിർബന്ധമാണ്. എന്തു തരം വ്യാപാരം/ ഉൽപാദനം നടത്തുന്നു, സ്ഥാപനത്തിന്റെ ഘടന എന്നിവ അനുസരിച്ച് അനുബന്ധം 2 ൽ പറയുന്ന വിവിധ രേഖകൾ സമർപ്പിക്കേണ്ടതാണ്. |
| ബി) | അപേക്ഷയിലെ അപാകത മൂലമോ മറ്റ് കാരണങ്ങളാലോ അപേക്ഷകൾ നിരസിക്കപ്പെടുമ്പോൾ പ്രസ്തുത ആവശ്യത്തിനായി അപേക്ഷകൻ ഒടുക്കിയ ഫീസ് തുക മടക്കി നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | അപേക്ഷകൾ നിരസിക്കുമ്പോൾ അപേക്ഷാ ഫീസ് മടക്കി നൽകാറില്ല. വ്യക്തമായ കാരണങ്ങളാൽ അപേക്ഷ നിരസിക്കാമെന്ന് നിഷ്കർഷിക്കുന്ന ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ 2.1.4(2) / 2.1.4(5) പ്രകാരം അപേക്ഷ നിരസിക്കുമ്പോൾ ഫീസ് മടക്കി നൽകുവാൻ വ്യവസ്ഥയില്ല. ആയതിനാൽ, അപേക്ഷാഫീസ് മടക്കി നൽകുന്ന വിഷയം പരിഗണനയിലില്ല . |
| സി) | ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | ഓൺലൈൻ ഫുഡ് ലൈസൻസിംഗ് രജിസ്ട്രേഷൻ സിസ്റ്റം പ്രകാരമുള്ള ഡാറ്റ പ്രകാരം 2017-18 സാമ്പത്തിക വർഷം ലൈസൻസ് നിരസിച്ചവകയിൽ 1,78,000/- രൂപ ലഭിച്ചിട്ടുണ്ട്. |
| ഡി) | നിരസിക്കപ്പെടുന്ന അപേക്ഷകളുടെ ഫീസ് തുക മടക്കി നൽകേണ്ടതില്ലെന്ന് നിയമമുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമമെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ; | ഡി) | നിരസിക്കപ്പെടുന്ന അപേക്ഷകളുടെ ഫീസ് മടക്കി നൽകുവാൻ നിയമം അനുവദിക്കുന്നില്ല. |
| ഇ) | പ്രസ്തുത രജിസ്ട്രേഷനും ലൈസൻസിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ട്രേഡ് ലൈസൻസ് നിർബന്ധമാണോ; | ഇ) | രജിസ്ട്രേഷൻ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രേഡ് ലൈസൻസ് നിർബന്ധമല്ല. എന്നാൽ, ലൈസൻസ് നൽകുന്നതിന് ട്രേഡ് ലൈസൻസ് നിർബന്ധമാണ്. |

| | | | |
|---|---|---|---|
| എഫ്) | പ്രസ്തുത ട്രേഡ് ലൈസൻസ് ഇല്ലാതെ വീട്ടിൽ വെച്ച് പാചകം നടത്തി ഉപജീവനം നടത്തുന്നവർക്ക് ഭക്ഷ്യ സുരക്ഷ നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ് ലഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | എഫ് | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രേഡ് ലൈസൻസ് ഇല്ലാതെ വീട്ടിൽ വച്ച് പാചകം നടത്തി ഉപജീവനം നടത്തുന്ന ചെറുകിട വ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നൽകാറുണ്ട്. എന്നാൽ ഇത്തരം വ്യാപാരങ്ങളുടെ വാർഷിക വിറ്റുവരവ് 12 ലക്ഷത്തിന് മുകളിലാകുമ്പോൾ ആയത് ഭക്ഷ്യസുരക്ഷാ ലൈസൻസിന്റെ പരിധിയിൽ വരുന്നതിനാൽ ട്രേഡ് ലൈസൻസ് നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ

*Annexure-2*

Documents to be enclosed for new application for license to State/Central Licensing Authority

1. Form-B duly completed and signed (in duplicate) by the proprietor/ partner or the authorised signatory
2. Blueprint/layout plan of the processing unit showing the dimensions in metres/square metres and operation-wise area allocation.
3. List of Directors with full address and contact details
4. Name and List of Equipments and Machinery along with the number, installed capacity and horse power used.
5. Photo I.D and address proof issued by Government authority of Proprietor/Partner/Director(s)/Authorised Signatory.
6. List of food category desired to be manufactured. ( In case of manufacturers).
7. Authority letter with name and address of responsible person nominated by the manufacturer along with alternative responsible person indicating the powers vested with them viz assisting the officers in inspections, collection of samples, packing & dispatch.
8. Analysis report (Chemical & Bacteriological) of water to be used as ingredient in food from a recognized/ public health laboratory to confirm the portability indicating the name of authorized representative of Lab who collected the sample and date of collecting sample
9. Proof of possession of premises. (Sale deed/ Rent agreement/ Electricity bill, etc.)
10. Partnership Deed/Affidavit/Memorandum & Articles of Association towards the constitution of the firm.
11. Copy of certificate obtained under Coop Act - 1861/Multi State Coop Act - 2002 in case of Cooperatives.
12. NOC from manufacturer in case of Re-labellers
13. Food Safety Management System plan or certificate if any,
14. Source of milk or procurement plan for milk including location of milk collection centres etc in case of Milk and Milk Products processing units.
15. Source of raw material for meat and meat processing plants.
16. Pesticide residues report of water to be used as ingredient in case of units manufacturing Packaged drinking water, packaged Mineral water and/or carbonated water from a recognised/ public health laboratory indicating the name of authorised representative of Lab who collected the sample and date of collecting sample, including source of raw water and treatment plan.
17. Recall plan wherever applicable, with details on whom the product is distributed.
18. NOCs from Municipality or local body and from State Pollution Control Board except in case of notified industrial area.

Documents to be included for renewal or transfer of license given under other existing laws prior to these Regulations

1. Any change in documents or information provided during grant of previous license.
2. Certificate or Plan of Food Safety Management System being adopted (for units under Central Licensing it has to be a certificate from accredited agencies).
3. List of workers with their medical fitness certificates.
4. Name, qualification and details of technical personnel in charge of operation.